**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 199** **06-10-2025 - ൽ മറുപടിയ്ക്ക്**

**അടിസ്ഥാന സൗകര്യവികസന മേഖലയിൽ കിഫ്ബി നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി കിഫ്ബി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | അടിസ്ഥാന വികസന പദ്ധതി മേഖലയിൽ കാലാകാലങ്ങളായി നിലനിന്നിരുന്ന വിടവ് നികത്തുക, സാമ്പത്തിക മേഖലയിൽ നിലനിന്നിരുന്ന മാ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾക്കായി കിഫ സജ്ജമാക്കുന്നതിനായാണ് 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റ്, 2016-ൽ ഭേദഗതി ചെയ്തു കൊണ്ട് ബജറ്റിൽ കിഫ്ബി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചത്. പ്രസ്തുത ഭേദഗതി പ്രകാരം പെട്രോളിയം ഇന്ധനങ്ങൾക്ക് മേലുള്ള സെസ്സും, വാഹന നികുതിയുടെ വിഹിതവുമാണ് കിഫ്ബിയുടെ വരുമാന സ്രോതസ്സ്. ഈ സ്രോതസ്സിനെ സെക്യൂരിറ്റൈസ് ചെയ്ത് സെബിയും ആർ.ബി അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വായ്പയെടുത്ത് കേരളത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയിൽ നിക്ഷേപം കൊണ്ടു വരികയെന്നതാണ് കിഫ്ബിയുടെ ലക്ഷ്യം. 50,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് തുടക്കത്തിൽ മുഖേന വിഭാവനം ചെയ്തിരുന്നത്.<br><br>സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി കിഫ്ബി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ വകുപ്പുകളിലായി90,474 കോടി രൂപയുടെ 1190 പദ്ധതികൾക്ക് കിഫ്ബി നാളിതുവരെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ69,838 രൂപയുടെ1183 അടിസ്ഥാന സൗകര്യ വികസന പദ്ധതികളും കിഫ്ബി ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തിട്ടുള്ള 20,000 കോടി രൂപയുടെ 7 പദ്ധ ഉൾപ്പെടുന്നു. ഇതിനോടകം വിവിധ വകുപ്പുകൾക്കു കീഴിൽ 37,026.51 കോടി രൂപ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം 1 ചേർക്കുന്നു. 21,881 കോടി രൂപയുടെ പദ്ധതികളാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളത്.<br><br>കോവിഡ് മഹാമാരി ലോകമാകെ കടുത്ത സാമ്പത്തിക അനിശ്ചിതാവസ്ഥയാണ് സൃഷ്ടിച്ചത്. കോവിഡിന്റെ ആദ്യ ഘട്ടത്തിൽ തൊഴിലാളികളുടെ അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം എന്നീ കാരണങ്ങളാൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നിർമ്മാണത്തിൽ വന്നെങ്കിലും, കിഫ്ബിമുഖേനയുള്ള പദ്ധതികളുടെ നിർവ്വഹണം ഒരു പരിധി വരെ തടസമില്ലാതെ തുടരുവാൻ കഴിഞ്ഞു.പദ്ധതികൾക്കുള്ള ഫണ്ട് തടസ കരാറുകാരിലും അതുവഴി തൊഴിലാളികളിലും എത്തിക്കുകവഴി കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ സുപ്രധാനമായ പങ്കുവഹിക്കാൻ ആ പ്ര ഘട്ടത്തിലും കിഫ്ബി മുഖേനയുള്ള പദ്ധതികൾക്കായി.<br><br>ഇങ്ങനെ വൻകിട അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സംസ്ഥ റോഡുകൾ, പാലങ്ങൾ, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, വിദ്യാഭ്യാസം, ഊർജ്ജം വിവിധ മേഖലകളിലെ നിരവധി പദ്ധതികൾ യാഥാർത്ഥ്യമാവുന്നതോടൊപ്പം സാമ്പത്തിക മേഖലയെ ചലനാത്മകമാക്കാനും കിഫ്ബിയുടെ പ്രവർത്ത സഹായകരമായി. |
| (ബി) | രൂപീകരണ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്ന വിധം കിഫ്ബിയെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കിഫ്ബിയുടെ രൂപീകരണ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്ന വിധം അതിനെ ശക്തിപ്പെടുത്തുന്നതിനായി ഇതിനോടകം തന്നെ നിരവധി ക്രിയാത്മക നട സ്വീകരിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതികൾ നടപ്പിലാക്കിവരുന്നത് അവയുടെ നടത്തിപ്പിലെ ഗുണനിലവാരം, ധനലഭ്യത, സമയക്രമം ഉറപ്പുവരുത്തിക്കൊണ്ടാണ്.<br><br>2016-ൽ നിലവിൽ വന്ന ഭേദഗതി ചെയ്ത KIIF Act പ്രകാരം, കിഫ്ബിയുടെ ബോർഡിന്റെ ഘടന പുനഃസംഘടിപ്പിക്കുകയും ദേശീയ-അന്തർദേശീയ ത സാമ്പത്തിക രംഗത്ത് പ്രാവീണ്യമുള്ള ഏഴ് സ്വതന്ത്ര അംഗങ്ങളെ ഉൾപ്പെടുത്തുകയും ചെയ്തു. കൂടാതെ, കിഫ്ബിയുടെ ധനസമാഹരണവും പ്രവർത്ത വിലയിരുത്തുന്നതിനായി മുൻ സി&എജി ശ്രീ. വിനോദ് റായി അധ്യക്ഷനായ Fund Trustee & Advisory Comı (FTAC) രൂപീകരിച്ചു. FTAC വർഷത്തിൽ രണ്ടുതവണ യോഗം ചേർന്ന് കിഫ്ബിയുടെ ധനസ്ഥിതിയും പ്രവർത്തനവും സംബന്ധിച്ച Certificate നൽകുന്നു. ഇത് ബജറ്റ് രേഖകളോടൊപ്പം നിയമസഭയിൽ സമർപ്പിക്കാറുണ്ട്.<br><br>കിഫ്ബി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും വിദഗ്ധ അവ നടത്തുന്നതിനുമായി ഒരു പദ്ധതി അവലോകന വിഭാഗം നിലവിലുണ്ട്. കൂടാതെ, ആധുനിക രീതിയിൽ നടപ്പിലാക്കിവരുന്ന ഈ പദ്ധതികൾക്ക് അ നിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഗൃഹാ സർട്ടിഫിക്കേഷൻ ഉൾപ്പെടെ പാരിസ്ഥിതിക അവലോകനം നടത്തുന്നതിനായി ESG വിഭാഗം ന ഇതോടൊപ്പം, കിഫ്ബിയുടെ സ്വന്തം ESG പോളിസി നിലവിൽ വന്നു. സംസ്ഥാന സർക്കാർ ഇതിനെ മാതൃകയായി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ സൂക്ഷ്മ പരിശോധനക്കായി KIIF Act-ന്റെ പരിരക്ഷയോടെ സ്വതന്ത്ര പരിശോധന വിഭാഗം (Ins Authority) നിലവിൽ വന്നു. ഈ വിഭാഗം നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കൃത്യമായ പരിശോധനകൾ നടത്തുകയും, പോര കണ്ടെത്തുമ്പോൾ Observation Memo നൽകി വരികയും ചെയ്യുന്നു.<br><br>പദ്ധതികളുടെ നടത്തിപ്പ് റിയൽ ടൈം ആയി നിരീക്ഷിക്കാനായി കിഫ്ബിയിൽ തന്നെ പ്രത്യേക മോണിറ്ററിങ് സ്റ്റുഡിയോ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു കിഫ്ബിയുടെ സാങ്കേതിക സഹായങ്ങൾ പദ്ധതികളുടെ നിർവ്വഹണ ഏജൻസികൾക്ക് ലഭ്യമാക്കുന്നതിനായി ഒരു Technical Resource (TRC) രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കിഫ്ബിയുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തുന്നതിനായി വിവിധ തലങ്ങളിൽ ഓഡിറ്റിംഗ് സംവിധ ഏർപ്പെടുത്തിയിട്ടുണ്ട്. സി&എജി ഓഡിറ്റിന് പുറമേ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, കൺകറന്റ് ഓഡിറ്റ്, റിസ്ക് ബേസ്ഡ് ഇന്റേണൽ ഓഡിറ്റ്, ടാക്സ് ഓഡിറ്റ് കിഫ്ബിയിൽ നിലവിലുണ്ട്. |
| (സി) | കിഫ്ബി പൊതുമരാമത്ത് നിർമ്മാണ മേഖലയിൽ എത്ര രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം | (സി) | പൊതുമരാമത്ത് നിർമ്മാണ മേഖലയിൽ നാളിതുവരെയായി ആകെ 516 പദ്ധതികളിലായി 34,256 കോടി രൂപയുടെ പദ്ധതികൾക്കാണ് ധനാനുമതി നൽകിയിട്ടുള്ളത്. ഇതിൽ മലയോര ഹൈവേ, തീരദേശ ഹൈവേ എന്നീ സംസ്ഥാനത്തിന്റെ അഭിമാന പദ്ധതികൾ ഉൾപ്പെ റോഡുകൾ, പാലങ്ങൾ, റെയിൽവേ മേൽപ്പാലങ്ങൾ, ഫ്ലൈ ഓവറുകൾ, ആനക്കാം പൊയിൽ കല്ലാടി മേപ്പാടി ടണൽ റോഡ്, ജംഗ്ഷൻ വികസന പദ്ധ മുതലായവ ഉൾപ്പെടുന്നു. മലയോര ഹൈവേയിൽ ഉൾപ്പെട്ട 47 സ്ട്രെച്ചുകൾക്കായി 3,611 കോടി രൂപയും, തീരദേശ ഹൈ ഭാഗമായി 39 സ്ട്രെച്ചുകൾക്കായി 3,073 കോടി രൂപയും, മറ്റുള്ള 245 റോഡുകൾക്ക് 18,329 കോടി രൂപയും, 96 പാലങ്ങൾക്ക് 3,243 കോടി |

| | | | |
|---|---|---|---|
| | നൽകിയിട്ടുള്ളത്;<br>വ്യക്തമാക്കാമോ; | | 60 റെയിൽവേ മേൽപാലങ്ങൾക്ക് 2,263 കോടി രൂപയും, ആനക്കാം പൊയിൽ കല്ലാടി മേപ്പാടി ടണൽ റോഡിന് 2,135 കോടി രൂപയും, 1<br>ഓവറുകൾക്ക് 1,249 കോടി രൂപയും, 10 ജംഗ്ഷൻ വികസന പ്രവൃത്തികളുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കലിനായി 158 കോടി രൂപയുമാണ് അനുവദിച്ച<br>ഇതിന് പുറമെ തീരദേശ ഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ട് പുനരധിവാസ, പുനഃസ്ഥാപന പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന<br>വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായി 194 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br>റോഡുകളും പാലങ്ങളുമായി 104 പൊതുമരാമത്ത് പദ്ധതികൾ നിർമ്മാണം പൂർത്തിത്തീകരിച്ച് ഇതിനകം പൊതുജനങ്ങൾക്കായി തുറന്നു നൽകി<br>അവയിൽ ഭൂരിഭാഗം പദ്ധതികളുടെയും ഭൂമി ഏറ്റെടുക്കൽ നടപടികൾ ഉൾപ്പടെ പൂർത്തീകരിച്ചാണ് നിർമ്മാണം സാധ്യമാക്കിയിട്ടുള്ളത്. പൂർത്തിയാക്കിയ<br>പദ്ധതിത്തുക 4299 കോടി രൂപയാണ്. കൂടാതെ പൊതുമരാമത്ത് മേഖലയിൽ 140 പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ പ്രവൃത്തി പുരോഗമിച്ച് വ<br>7 പ്രവൃത്തികൾ ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്തിട്ടുള്ളതും, 38 പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുള്ളതും ഒരു പ്രവൃത്തി സാങ്കേതികാനുമതി<br>ഘട്ടത്തിലുമാണ്. ഇതിനു പുറമെ 12 പദ്ധതികളുടെ ഭാഗമായുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും, 148 പദ്ധതികൾക്കായുള്ള ഭൂമിയേ<br>നടപടികൾ പുരോഗമിച്ച് വരുന്നതുമാണ്. ഇതിന് പുറമെ ദേശീയപാതാ വികസനത്തിനായുള്ള ഭൂമി ഏറ്റെടുത്ത് നൽകിയത് സർക്കാരിന്റെ സുപ്രധാനമ<br>നേട്ടമാണ്. |
| (ഡി) | സംസ്ഥാനത്തെ വ്യവസായ രംഗത്ത് കിഫ്ബി നടപ്പാക്കുന്ന പദ്ധതികളുടെ ആകെ മൂല്യം എത്രയെന്ന് വിശദമാക്കാമോ? | (ഡി) | നാളിതുവരെ കിഫ്ബി വഴി വ്യവസായ വകുപ്പിനു കീഴിൽ 8 ബൃഹത്ത് പദ്ധതികളിലായി 16,527 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥ<br>വ്യാവസായിക സൗഹൃദം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക ഉണർവ്വ് നൽകുന്നതിനുമായി വ്യാവസായിക പാർക്കുകൾ, വ്യാവസായിക ഇടനാഴികൾ<br>പദ്ധതികളാണ് ഇതിൽ വിഭാവനം ചെയ്തിരിക്കുന്നത്. തിരുവനന്തപുരത്തെ ബയോ ലൈഫ് സയൻസ് പാർക്കിന്റെ രണ്ടാം ഘട്ട വിപുലീകരണത്തി<br>സ്ഥലമേറ്റെടുപ്പ്, എറണാകുളത്ത് പെട്രോകെമിക്കൽ & ഫാർമ പാർക്കിനായുള്ള സ്ഥലം ഏറ്റെടുക്കൽ, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമി<br>പുനരുജ്ജീവിപ്പിക്കാനായുള്ള HNL ന്റെ ഭൂമി ഏറ്റെടുക്കൽ, കണ്ണൂർ-പാലക്കാട് ജില്ലകളിലെ ബൃഹദ് സ്ഥലം ഏറ്റെടുക്കൽ, കൊച്ചി - ബെംഗളൂരു വ്യാവ<br>ഇടനാഴിക്കുള്ള (KBIC) സ്ഥലം ഏറ്റെടുക്കൽ, KBIC യുടെ ഭാഗമായി എറണാകുളം അങ്കമാലിയിലെ ഗ്ലോബൽ സിറ്റി പദ്ധതിയ്ക്കായുള്ള സ്ഥലം ഏ<br>എന്നിവ ഉൾപ്പെടുന്നു. ഇതിനു പുറമെ അരോഗ്യ രംഗത്ത് വർദ്ധിച്ചുവരുന്ന ക്യാൻസർ സംബന്ധ വെല്ലുവിളികളെ നേരിടുന്നതിനായി ക്യാൻസർ പ്ര<br>മരുന്നുകൾ നിർമ്മിക്കുന്നതിനായി ആലപ്പുഴയിൽ ഓങ്കോളജി പാർക്കിനുള്ള അംഗീകാരവും കിഫ്ബി നൽകിക്കഴിഞ്ഞു. വയനാട്ടിലെ കാപ്പി കർഷകരുടെ<br>മുൻനിർത്തി അവലംബിച്ചിട്ടുള്ള കാർബൺ ന്യൂട്രൽ കോഫീ പാർക്കാണ് മറ്റൊരു പദ്ധതി. ഇതിനായുള്ള സ്ഥലമേറ്റെടുപ്പിന് അംഗീകാരം നൽകിക്കഴിഞ്ഞു.<br>റിപ്പോർട്ട് കിഫ്ബിയിൽ പരിശോധിച്ചുവരികയാണ്. വ്യവസായ വകുപ്പിന് കീഴിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശം അനുബന<br>കാണാവുന്നതാണ്. വിഴിഞ്ഞം തുറമുഖത്തെ അവലംബമാക്കി ഒരു വ്യാവസായിക-സാമ്പത്തിക ക്ലസ്റ്റർ യാഥാർഥ്യമാക്കുന്നതിന് വിഴിഞ്ഞം - കൊല്ലം -<br>വ്യവസായിക സാമ്പത്തിക വളർച്ചാ മുനമ്പ് എന്ന പദ്ധതിക്കും കിഫ്ബി തത്വത്തിൽ അംഗീകാരം നൽകി. |

സെക്ഷൻ ഓഫീസർ

#199

അനുബന്ധം - 1

| Department | Amount (₹ Cr) |
|---|---|
| Public Works | 17,004.44 |
| Industries | 5,831.44 |
| Water Resources | 3,424.89 |
| Health & Family Welfare | 2,605.97 |
| General Education | 2,188.64 |
| Power | 1,913.22 |
| Information Technology | 896.42 |
| Higher Education | 761.15 |
| Forest | 375.00 |
| Sports & Youth Affairs | 360.51 |
| Fisheries | 296.17 |
| Cultural Affairs | 206.43 |
| Local Self Government | 212.00 |
| Coastal & Inland Navigation | 216.19 |
| Ayush | 158.85 |
| Tourism | 112.75 |
| Scheduled Caste & Scheduled Tribe | 85.37 |
| Devaswom | 92.20 |
| Labour | 69.72 |
| Registration | 58.79 |
| Transport | 55.18 |
| Home | 45.12 |
| Revenue | 25.91 |
| Agriculture | 13.38 |
| Planning and Economic Affairs | 11.96 |
| Science & Technology | 6.14 |
| **TOTAL** | **37,026.51** |

SECTION OFFICER

#199

അനുബന്ധം - 2

*Annexure - 3*

| Sl. No | Project Code | Sub Project Name | Project Outlay (Rs. In Crore) | SPV Name | LAC | District | Work Status |
|---|---|---|---|---|---|---|---|
| 1 | IND001-01 | Development of Indusrial infrastructure - Land Acquisition | ₹ 12,727.50 | KINFRA | Tharur, Dharmadom, Mattannur, Koothuparamba, Peravoor | Kannur, Palakkad | Work Completed |
| 2 | IND002-01 | Setting up of Petrochemical & Pharma Park | ₹ 977.46 | KINFRA | Aluva | Ernakulam | LA in progress |
| 3 | IND003-01 | Kochi-Bengaluru Industrial Corridor Project-Land Acquisition | ₹ 1,374.00 | KINFRA | Malampzha, Chittur | Palakkad | LA in progress |
| 4 | IND003-02 | Development of Global CITY as part of KBIC-Land Acqusition | ₹ 840.00 | KINFRA | Angamaly | Ernakulam | LA in progress |
| 5 | IND004-01 | Setting up of Carbon Neutral Coffee Park at Wayanad - Land acquisition | ₹ 9.81 | KCL | Kalpetta | Wayanad | KIIFB Approved |
| 6 | IND005-01 | Construction of Oncology Park | ₹ 96.32 | KSDPL | Alappuzha | Alappuzha | Work Completed |
| 7 | IND006-01 | Bio 360 Life Science Park - Phase II Land Acquisition-Trivandrum | ₹ 301.17 | KSIDC | Chirayinkeezhu | Thiruvananthapuram | LA in progress |
| 8 | IND007-01 | Development of Industrial Park by takeover of land From M/S Hindustan Newsprint Ltd-Land Acquisition And Development Works | ₹ 200.60 | KINFRA | Vaikom | Kottayam | KIIFB Approved |

SECTION OFFICER